16

# "ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല"

## (8:1–11)

യോഹന്നാന്റെ സുവിശേഷത്തിൽ അനേകം ആളുകൾക്ക് ഇഷ്ട പ്പെട്ട കഥ അദ്ധ്യായം 8-ൽ പറയുന്നുണ്ട്. ഈ വേദഭാഗത്തിൽ പതി നൊന്ന് ചെറിയ വാക്യങ്ങളായി യേശുവിന്റെ ശുശ്രൂഷയുടെ കാത ലായ ഭാഗം കാണാം. യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഗമായി ആരംഭ എഴുത്തിൽ ഒരുപക്ഷേ ഇതില്ലായെങ്കിലും,[1] അത് മറക്കാനാകാ ത്തവിധം യേശുവിന്റെ ചിത്രം നൽകുന്ന ശക്തമായ സന്ദേശമാണ്.

### യേശു എങ്ങനെ ഒരു വൈഷമ്യത്തെ നേരിട്ടു (8:1-9)

യേശു ഒലിവുമലയിലേക്കുപോകുന്നതായിട്ടാണ് ആ സംഭവം തുട ങ്ങുന്നത്, അവന്റെ ക്രൂശീകരണത്തിനുമുൻപ് അവസാന ആഴ്ചയിലെ ദിവസേനയുള്ള പ്രവൃത്തിയായിരുന്നു അത്.[2] അടുത്ത പ്രഭാതത്തിൽ അവൻ യെരുശലെമിലേയ്ക്ക് മടങ്ങിവന്ന് ദൈവാലയത്തിൽ പ്രവേ ശിച്ചു. ആളുകൾ അവനുചുറ്റും കൂടിയപ്പോൾ, അവനിരുന്ന് അവരെ ഉപദേശിച്ചു. ഇത് ഇങ്ങനെ സംഭവിക്കുന്നതിനിടയിൽ, ശാസ്ത്രിമാരും പരീശന്മാരും[3] വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ യേശു വിന്റെ അടുക്കൽ കൊണ്ടുവന്നു. അത് സ്ത്രീയെകുറിച്ചുള്ള മനസ്സ ലിവോ കരുതലോ കൊണ്ടല്ല, അവർ അവളെ **"കൊണ്ടുവന്നു നടു വിൽ നിർത്തിയത്"** (8:3), പരസ്യമായി അവളെ അവഹേളിച്ചുകൊ ണ്ടാണ് ചെയ്തത്. അവരുടെ മുഖ്യതാൽപര്യം, അത് ഉടനെ വ്യക്തമാ കുകയും ചെയ്തത്, സ്ത്രീയെ കൈകാര്യം ചെയ്യുന്നതിനായിരുന്നില്ല, എന്നാൽ യേശുവിനെ കുടുക്കുന്നതിനായിരുന്നു.

**"ഗുരോ,"** അവർ പറഞ്ഞു, **"ഈ സ്ത്രീയെ വ്യഭിചാരകർമ്മത്തിൽ തന്നെ പിടിച്ചിരിക്കുന്നു, ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്ന് മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോടു കൽപ്പിച്ചിരിക്കുന്നു; നീ ഇവളെക്കു റിച്ചെന്തുപറയുന്നു?"** (8:4, 5). ഒരു നിമിഷം അവൻ ശരിക്കും കുടുങ്ങും

എന്ന് അവർ വിചാരിച്ചു. യെഹൂദ ന്യായാധിപ സഭ തെളിവ് ആവശ്യപ്പെടുന്നത് കർശനമായിരുന്നു. അത് സംശയമോ അല്ലെങ്കിൽ അശരീരിയോ അതുമല്ലെങ്കിൽ രണ്ടുപേർ വീട്ടിലേക്കുപോകുന്നത് കണ്ടു എന്നതുപോരായിരുന്നു. ഒരു വ്യക്തിക്കെതിരെ പരീശന്മാരും ശാസ്ത്രിമാരും കുറ്റം ചാർത്തണമെങ്കിൽ വാസ്തവത്തിൽ വ്യഭിചാരം നടന്നതിനു ദൃക്സാക്ഷികൾ അനിവാര്യമായിരുന്നു.

യേശുവിന്റെ എതിരാളികൾ അത്തരം തെളിവുകളുമായിട്ടാണ് വന്നത്, അതുകൊണ്ട് അവൻ കുടുക്കിലകപ്പെട്ടുവെന്ന് അവർ തീർച്ചയാക്കി. സ്ത്രീയെ കല്ലെറിയരുത് എന്ന് അവൻ പറഞ്ഞിരുന്നുവെങ്കിൽ അവൻ മോശെയുടെ ന്യായപ്രമാണം ലംഘിക്കുമായിരുന്നില്ലേ?[4] ഏറ്റവും പ്രധാനമായി, അത്തരം മറുപടി യേശു ബലഹീനനും ന്യായപ്രമാണത്തിൽ അവിശ്വസ്തനും എന്ന് ശാസ്ത്രിമാരും പരീശന്മാരും കരുതുമായിരുന്നു. എങ്ങനെയായാലും, അവൻ എതിരഭിപ്രായമെടുത്തു "അവളെ കല്ലെറിയുവാൻ പറഞ്ഞാൽ!" യേശു റോമൻ നിയമത്തെ പ്രതിരോധിക്കുന്ന വിപ്ലവകാരിയായി കുറ്റം ചുമത്തപ്പെടും, അത് ശിക്ഷ വിധിക്കൽ നടത്തുവാനുള്ള യെഹൂദന്മാരുടെ വിലക്ക് എടുക്കുന്നതായിവരും.[5] രണ്ടു വിധത്തിലും യേശു പ്രതികരിച്ചു, യെഹൂദപ്രമാണിമാർ വിചാരിച്ചതു അവർ അവനെ പിടിച്ചു കഴിഞ്ഞു എന്നാണ്. യേശു എത്ര ബുദ്ധിപരമായിട്ടാണ് മറുപടി പറഞ്ഞതെന്നു മനസ്സിലാക്കുമ്പോൾ മാത്രമാണ് അവരുടെ പദ്ധതി എത്ര കൗശലമുള്ളതായിരുന്നു എന്നു ബോധ്യമാവുന്നത്.

അവരുടെ ഉദ്ദേശം മോശമായിരുന്നു എന്നു യേശുവിനു അറിയാമായിരുന്നു (8:6). ഇതിനിടയ്ക്ക്, പുരുഷൻ എവിടെ പോയി? വ്യഭിചാര കർമ്മം ഒരാൾക്കുമാത്രം ചെയ്യാവുന്നതല്ല, അവർ യേശുവിന്റെ അടുക്കൽ സ്ത്രീയെ മാത്രമാണ് കൊണ്ടുവന്നത്. വ്യക്തമായും, മോശെയുടെ ന്യായപ്രമാണം അനുസരിക്കുന്നതിനേക്കാൾ അവർ യേശുവിനെ ലജ്ജിപ്പിക്കുവാനാണ് ആഗ്രഹിച്ചത്. നീതിയായിരുന്നില്ല, അധികാരത്തെക്കുറിച്ചായിരുന്നു അവരുടെ മുഖ്യവിചാരം.

## അവൻ അവർക്കു ഉത്തരം നല്കിയില്ല (വാക്യം 6)

തന്റെ എതിരാളികളുടെ "ഉത്തരമില്ലാത്ത ചോദ്യത്തെ," നേരിട്ടതു ആദ്യം ഒന്നും പറയാതെ പ്രതികരിച്ചു! എല്ലാ കണ്ണുകളും അവനെ ഉറ്റുനോക്കി, യേശു കുനിഞ്ഞു തറയിൽ എഴുതിക്കൊണ്ടിരുന്നു (8:6). ദീർഘ നിമിഷം യേശു നിശബ്ദനായിരുന്നു. അവരുടെ ചോദ്യത്തിനു അവൻ ഉത്തരം പറയുവാൻ തുനിഞ്ഞില്ല. അവൻ എന്തു ചെയ്യുകയായിരുന്നു? അവൻ എപ്പോൾ വീണ്ടും സംസാരിക്കും? എന്തായിരിക്കും യെഹൂദപ്രമാണിമാരുടെ അടുത്ത നീക്കം?

ചിലപ്പോൾ ഒന്നും പറയാതിരിക്കുന്നതാണ് ഏറ്റവും നല്ല പ്രവൃത്തി. ഒരു ഉത്തരവും പറയാതിരിക്കുന്നതാണ് ചിലപ്പോൾ നല്ല ഉത്തരമായിത്തീരുന്നത്. സദൃശവാക്യങ്ങൾ 26:4, 5 പറയുന്നു,

നീയും മൂഢനെപോലെ ആകാതിരിക്കേണ്ടതിനു അവന്റെ ദോഷത്വം

> പോലെ അവനോടു ഉത്തരം പറയരുത്. മൂഢനു താൻ ജ്ഞാനി എന്നു തോന്നാതിരിക്കേണ്ടതിനു അവന്റെ ദോഷത്വത്തിനു ഒത്തവണ്ണം അവനോടു ഉത്തരം പറക.

ആദ്യം, ഈ രണ്ടു പ്രസ്താവനകളും പരസ്പരവിരുദ്ധമെന്നു തോന്നിയേക്കാം. എങ്ങനെയായാലും, കുറച്ചുകൂടെ പരിശോധിച്ചാൽ, മൂഢനോടു അവന്റെ ദോഷത്വത്തിനു ഉത്തരം പറയേണ്ട സമയമുണ്ട്, പ്രതികരിക്കാതിരിക്കേണ്ടതിന്നും ഒരു സമയമുണ്ട്. അദ്ധ്യായം 8-ൽ മറുപടി ബുദ്ധിരഹിതമായിരുന്നു. യേശു പറയുന്നതു എത്ര സത്യം ആയിരുന്നാലും ആ സമയത്തു കേൾക്കുമായിരുന്നില്ല. ഏതു വിധത്തിലുള്ള ഉത്തരം പറഞ്ഞാലും, ചോദ്യം കോട്ടിമറിച്ചിരുന്നു. രാഷ്ട്രീയ വികാരം ഉയർന്നിരുന്നതുകൊണ്ടു ഉദ്ദേശിച്ച ഫലം കിട്ടുമായിരുന്നില്ല. അത്തരം സാഹചര്യത്തിൽ യേശു ഒന്നും പറഞ്ഞില്ല.

### അവൻ സ്പോട്ട് ലൈറ്റ് അവരിലേക്കു തിരിച്ചു (വാക്യങ്ങൾ 7-9)

അവസാനം, ശാസ്ത്രിമാരും പരീശന്മാരും യേശുവിനെ ഉത്തരം പറയുവാൻ, അവനെ നിർബന്ധിച്ചുകൊണ്ടിരുന്നതുകൊണ്ടു, യേശു എഴുന്നേറ്റു, രണ്ടായിരം വർഷങ്ങളിലധികമായി ക്രിസ്ത്യാനികൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രസ്താവന പറഞ്ഞു, **"നിങ്ങളിൽ പാപം ഇല്ലാത്തവൻ, ഒന്നാമതു അവളെ കല്ലെറിയട്ടെ" (8:7)**. പിന്നെ അവൻ കുനിഞ്ഞു തറയിൽ എഴുതിക്കൊണ്ടിരുന്നു. വീണ്ടും ഒരിക്കൽ കൂടെ യേശുവിന്റെ വാക്കുകളുടെ ശക്തി തിരിച്ചറിഞ്ഞു വേദനാജനകമായി ജനക്കൂട്ടത്തിൽ നിശബ്ദത നിഴലിടാൻ തുടങ്ങി.

യേശു മണ്ണിൽ എന്തായിരുന്നു എഴുതിയത്? അതെന്തായിരുന്നു എന്നു ആ സന്ദർഭത്തിൽ പറയുന്നില്ല. ചിലർ പറയുന്നതു, അവൻ ഒന്നും എഴുതാതെ തന്റെ എതിരാളികൾക്കു ലജ്ജിക്കുവാൻ സമയം അനുവദിക്കുകയായിരുന്നു എന്നാണ്. അന്നു പരീശന്മാരും ശാസ്ത്രിമാരും ചെയ്തിരുന്നതിന്റെ ശിക്ഷയെ ബോധ്യമാക്കുന്ന വേദഭാഗങ്ങളായിരുന്നു എഴുതിയതെന്നു മറ്റു ചിലർ പറയുന്നു. വേറെ ചിലർ പറയുന്നതു, യേശു എഴുതിയതു ആ സ്ത്രീയെ കുറ്റം ചുമത്തിയവരുടെ പാപങ്ങൾ ആയിരുന്നു എന്നാണ്. അവൻ എന്ത് എഴുതിയാലും, എഴുതിയില്ലെങ്കിലും അവൻ കല്പിച്ചു സംസാരിച്ചതു സ്ത്രീയുടെ നേർക്കു തിരിച്ച സ്പോട്ട് ലൈറ്റ് കുറ്റാരോപകരുടെ നേരെ തിരിഞ്ഞു.

"പാപം ഇല്ലാത്തവൻ," എന്ന വാക്കുകൾ യേശു പറഞ്ഞപ്പോൾ കൂട്ടത്തിലുണ്ടായിരുന്ന സ്ത്രീ ക്ലേശിക്കപ്പെട്ടതു പോലെയായി യെഹൂദ പ്രമാണിമാർ. സ്വന്ത പാപങ്ങളെ കാണുന്നതിനേക്കാൾ എളുപ്പമാണ് മറ്റുള്ളവരുടെ പാപങ്ങളെ നോക്കുവാൻ. മൂത്തവരും ഇളയവരുമായി വിട്ടുപോകുംവരെ ആ ക്ലേശം നിലനിന്നിരുന്നു. ജനക്കൂട്ടം എന്തെങ്കിലും തെറ്റു ചെയ്തു എങ്കിൽ, അതിന്റെ ഉത്തരവാദിത്വം മുതിർന്നവർക്കായിരുന്നതുകൊണ്ടാണ്, ആദ്യം അവർ വിട്ടുപോയത്. മുതിർന്നവർ ബുദ്ധിയുള്ളവരും യേശുവിന്റെ പ്രതികരണത്തെ പെട്ടെന്നു അനുമോദിക്കു

വാൻ കഴിവുള്ളവരുമായിരുന്നേക്കാം. അവരുടെ ചിന്തകൾ എന്തായിരുന്നാലും, അവരുടെ ഉത്തരമില്ലാത്ത ചോദ്യത്തിനു അവർക്കു കിട്ടിയതു അസാധ്യമായ ഒരു കല്പനയായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞു.

### അവൻ ഒരു വ്യക്തിയോടു എങ്ങനെ പെരുമാറി (8:10, 11)

ആ വൈഷമ്യത്തെ ബുദ്ധിപരമായി കൈകാര്യം ചെയ്തുകൊണ്ടു, യേശു ഒരു വ്യക്തിയോടു എങ്ങനെ പെരുമാറുന്നു എന്നു കാണിച്ചു. ആ പുരുഷന്മാരെല്ലാം പോയപ്പോൾ, യേശു നിവർന്നു ചുറ്റും നോക്കി. കുറ്റം ചുമത്തപ്പെട്ട സ്ത്രീയോടു അവൻ ചോദിച്ചു, "സ്ത്രീയേ, അവർ എവിടെ? നിനക്കു ആരും ശിക്ഷ വിധിച്ചില്ലയോ?" (8:10). അപ്പോൾ, ആ സ്ത്രീയെക്കുറിച്ചു വളരെ കുറച്ചുമാത്രമേ നമുക്കറിയാവൂ എന്നു നാം തിരിച്ചറിയുന്നു. അവൾ പലതുകൊണ്ടും ഭയങ്കരമായ അനീതിക്കിരയായ ഒരു നല്ല ഹൃദയത്തിനുടമയായ സ്ത്രീയായിരിക്കാം, അവളുടെ പാപം ഒഴിച്ചു, മറ്റൊന്നും നമ്മോടു പറഞ്ഞിട്ടില്ല! അവൾ കുറ്റക്കാരുടെ "മദ്ധ്യേ" നിന്നപ്പോൾ ഇഷ്ടപ്പെടുന്ന, സൗമ്യതയുള്ളവൾ ആയിരുന്നോ, അല്ലെങ്കിൽ അവൾ കഠിനയും നിന്ദ്യയുമായിരുന്നോ? (8:3, 9), ഒരാൾ അവളുടെ സദാചാരത്തെ ചവിട്ടിമെതിച്ച വികാരാർദ്രവമായ വിധത്തിൽ അവൾ കരഞ്ഞുകൊണ്ടിരുന്നോ? അതോ അവളെ ദൈവാലയത്തിലേക്കു പിടിച്ചു വലിച്ചുകൊണ്ടുവന്നവരോടു എതിർപ്പു പ്രകടിപ്പിച്ചുകൊണ്ടിരുന്നോ? നമുക്കറിയാവുന്നതു, അവളെ വ്യഭിചാരക്കുറ്റത്തിൽ പിടിക്കപ്പെട്ടുവെന്നും, അവളെ പരസ്യമായി തറയിൽകൂടെ ദൈവാലയത്തിലേക്കു വലിച്ചിഴച്ചുകൊണ്ടുവന്നു എന്നുമാത്രമാണ്. ഈ സംഭവം അത്ഭുതകരമാക്കുന്നതു സ്ത്രീയെയല്ല, എന്നാൽ യേശു അവളോടു പ്രതികരിച്ച രീതിയാണ്.

### അവൻ അവളോടു അന്തസ്സോടെ പെരുമാറി

എപ്പോഴെങ്കിലും, ആളുകൾ നിങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ നിങ്ങൾ അവിടെ എത്തിച്ചേർന്നിട്ടുണ്ടോ? ഒരുപക്ഷേ, ഒരു കുട്ടി ആയിരുന്നപ്പോഴോ, ആശുപത്രിയിൽ ആയിരുന്നപ്പോഴോ, നിങ്ങൾ അവിടെ ഇല്ലാത്തപോലെ ആളുകൾ നിങ്ങളെക്കുറിച്ചു സംസാരിച്ചേക്കാം. മനുഷ്യഗുണങ്ങൾ ഇല്ലാതാക്കുന്ന അനുഭവം. പരീശന്മാരുടേയും ശാസ്ത്രിമാരുടേയും കയ്യിൽ അകപ്പെട്ട സ്ത്രീ ആ വിധത്തിലായിരുന്നു. അവൾ, ഒരു വസ്തു, പ്രശ്നം അല്ലാതെ മറ്റൊന്നായിരുന്നില്ല. അവളെ കുറ്റപ്പെടുത്തിയവരെ നേരിട്ടശേഷം, യേശു സ്ത്രീയുടെ നേരെതിരിഞ്ഞു, അവളെ *കുറിച്ചു* പറയാതെ ഒരുപക്ഷേ *അവൾക്കു* ഏറ്റവും വിലയേറിയ ഒരു മാനമാണ് കൊടുത്തത്.

ലജ്ജിപ്പിക്കുന്ന പരാജിത അല്ലെങ്കിൽ ശുണ്ഠി പിടിപ്പിക്കുന്ന വിഷമസന്ധിയായോ യേശു അവളെ കണ്ടില്ല; അവൻ അവളെ ഒരു വ്യക്തി, ദൈവം മഹത്തായ വില നല്കി - യതായ ഒരു സൃഷ്ടിയായിട്ടാണ് അവൻ അവളെ കണ്ടത്. സുവിശേഷങ്ങളിൽ യേശു ആളുക*ളോടു*

പ്രത്യേകതയോടെയാണ് സംസാരിക്കുന്നത്. അതിലുപരിയായി യേശു നമ്മെ ഇന്നു കാണുന്നതും പ്രത്യേകതയോടെയാണ്. അവൻ നമ്മെ ആഴത്തിൽ സ്നേഹിക്കയും ഉയർന്ന വിലമതിക്കുകയും ചെയ്യുന്നു. ലോകത്തിൽ പലപ്പോഴും നമുക്കു വിലയില്ലെങ്കിലും, യേശു നമ്മോടു മാന്യമായാണ് പെരുമാറുന്നത്. ആ മനോഹര സത്യമാണ് വ്യഭിചാര ക്കുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടു അവൻ പെരുമാറിയത്.

**മനസ്സലിവോടെ അവൻ അവളോടു പെരുമാറി**

യേശു അവളോടു അന്തസോടെ മാത്രമല്ല, അത്ഭുതാവഹമായ മന സ്സലിവോടെയുമാണ് പെരുമാറിയത്. അവന്റെ ആദ്യത്തെ മനസ്സലിവുള്ള പ്രവൃത്തി, തറയിൽ എഴുതുന്നതായിരുന്നു. അതു അസാധാരണമായി തോന്നുന്നുണ്ടോ? ആ രംഗം ഒന്നുകൂടെ ഊഹിക്കുക. ആ സ്ത്രീയെ വലിച്ചിഴച്ചു യേശു ഉപദേശിച്ചുകൊണ്ടിരുന്ന ദൈവാലയ പ്രാകാരത്തി ലേക്കു കൊണ്ടുവന്നു. അവളെ വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ടിരി ക്കുന്നു എന്നു പരസ്യമായിട്ടാണ് ശാസ്ത്രിമാരും പരീശന്മാരും യേശു വിനോടും അവിടെ കൂടിയിരുന്നവരും കേൾക്കത്തക്കവണ്ണം പറഞ്ഞ ത്. എല്ലാ കണ്ണുകളും അപ്പോൾ അപമാനിതയായ സ്ത്രീയിലായിരു ന്നു. അതിനേക്കാൾ തരംതാഴ്ത്തുവാൻ കഴിയുന്ന മറ്റെന്തുണ്ട്? അവളെ എന്തുചെയ്യണമെന്നു അവർ യേശുവിനോടു ചോദിച്ചപ്പോൾ, അവൻ മണ്ണിൽ എഴുതിക്കൊണ്ടിരുന്നു. ആ സമയത്ത്, യേശുവിന്റെ അസാ ധാരണ പ്രവൃത്തികണ്ടു എല്ലാവരും യേശുവിനെ നോക്കുവാൻ തുട ങ്ങി. എന്തായിരുന്നു അവന്റെ എഴുത്ത്? അതിനു എന്തെങ്കിലും അർത്ഥം ഉണ്ടായിരുന്നോ? അവൻ എപ്പോൾ സംസാരിക്കും? യെഹൂദ പ്രമാണിമാർ അവന്റെ ഉപദേശത്തിൽ എന്തെങ്കിലും അനൗചിത്യം കണ്ടെത്തിയോ? പെട്ടെന്നു, എല്ലാവരുടേയും ശ്രദ്ധ അവളിൽ നിന്നു മാറ്റിതന്നിലേക്കു ശ്രദ്ധിക്കത്തക്ക ദാനമായ മനസ്സലിവായിരുന്നു യേശു അവൾക്കു ആദ്യം നല്കിയ ദാനം.

അടുത്തത്, അവളെ കുറ്റം ചുമത്തിയവരെല്ലാം പോയശേഷം അവൻ സ്ത്രീയോടു പറഞ്ഞ വാക്കുകൾ: "ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല ..." (8:11). അതൊരു നിയമപരമായ പ്രയോഗമാണ് അർത്ഥം, "ഞാനും നിന്നെ മരണശിക്ഷക്കു വിധിക്കുന്നില്ല." തന്റെ പ്രസി ദ്ധിക്കുവേണ്ടി അവനു വേണമെങ്കിൽ ആ പുരുഷാരത്തോടൊപ്പം അവ ളുടെ ജീവൻ ഹോമിക്കാമായിരുന്നുവെങ്കിലും അവൻ അതു ചെയ്തി ല്ല. അവളെ അന്നു ആദ്യം കല്ലെറിയുവാൻ യോഗ്യത ഉണ്ടായിരുന്ന യാൾ പറഞ്ഞു, "ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല." സാധ്യമായ മനസ്സലിവിന്റെ ഏറ്റവും വലിയ ദാനമായിരുന്നു അത്.

**അവൻ അവളോടു നിർവ്യാജമായി പെരുമാറി**

ഈ സംഭവത്തെ വൈകാരികമായി, പാപത്തെ - നിസ്സാര - മായി കാണുവാൻ പ്രേരിപ്പിക്കപ്പെടുന്നവർ സംഭവത്തിലെ പ്രധാനഭാഗം കണ്ടി ല്ലെന്നു നടിക്കുന്നു: സ്ത്രീ അവളുടെ വഴിക്കുപോകുമ്പോൾ, അവൻ അവളോടു പറഞ്ഞു, "ഇനി പാപം ചെയ്യരുത്" (8:11). അവൻ അവ

ളോടു ദയവുകാണിച്ചു, അതേ സമയം അവളുടെ പാപത്തെ തുറന്നു പറഞ്ഞു. അവളുടെ പാപത്തെ നേരിടേണ്ടതായിരുന്നു. നമ്മുടെ പാപത്തെ നേരിടാതെ ഉപേക്ഷവിചാരിക്കുന്ന പല രീതികൾ ഇന്നുണ്ട്. നാം പാപത്തെ കണ്ടില്ലെന്നു നടിക്കുന്നു ("ഞാൻ അതിനെക്കുറിച്ചു വിചാരിക്കയില്ല"), പാപത്തെ തള്ളിപ്പറയും ("ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല"), അല്ലെങ്കിൽ പാപത്തെ ന്യായീകരിക്കും ("ഞാൻ അതു ചെയ്യുവാൻ കാരണം മാതാപിതാക്കൾ, ജോലി, അല്ലെങ്കിൽ എന്റെ സംസ്കാരം അതാണ്"). യേശു, അതിനു വിപരീതമായി, ആ സ്ത്രീയെ തന്റെ പാപത്തെ നേരിടുവാൻ അവൻ ആഹ്വാനം ചെയ്തു. അവൻ പാപത്തെ "പാപം" എന്നുതന്നെ വിളിച്ചു. നമുക്കു ഇന്നു തുടർച്ചയായി അതേ പെരുമാറ്റം ലഭിക്കണം. നമ്മുടെ പാപത്തോടു യേശുക്രിസ്തു ഒരിക്കലും "സാരമില്ല, വിഷമിക്കണ്ട!" എന്നു പറയുകയില്ല. പകരം, അവൻ പറയുന്നത് പാപത്തെക്കുറിച്ചു, ക്രൂശോളം വലുതായി അവൻ കാണുന്നു! നമ്മിൽ വീണ്ടെടുപ്പു നടക്കണമെങ്കിൽ, നാം പാപത്തെയും അതിന്റെ കുറ്റത്തെയും യഥാർത്ഥമായി നേരിടണം – നമ്മുടെ പാപങ്ങൾക്കു നമുക്ക് ഒരിക്കലും മറുവില കൊടുക്കുവാൻ സാധ്യമല്ലെങ്കിലും, നമ്മുടെ പാപത്തെക്കുറിച്ച് നാം ആത്മാർത്ഥതയുള്ളവർ ആകണം. അല്ലെങ്കിൽ ഒരിക്കലും മാനസ്സാന്തരം ഉണ്ടാവുകയില്ല. നമ്മുടെ പാപം എത്ര മോശമാണെന്നു തിരിച്ചറിയുന്നതുവരെ നാം സുവിശേഷത്തെ നല്ല വിശേഷമായി കാണുവാൻ നമുക്കു കഴിയുകയില്ല! തന്റെ ആളുകൾ ഇന്നും അവരുടെ പാപത്തെ നേരിടുന്നതിൽ ആത്മാർത്ഥതയുള്ളവനാകണമെന്നും തങ്ങളുടെ പ്രവൃത്തികൾക്കു ഉത്തരവാദിത്വം അവർ ഏറ്റെടുക്കണമെന്നും അവൻ ആഗ്രഹിക്കുന്നു.

**അവൻ അവളോടു കൃപയോടും പ്രത്യാശയോടും കൂടെ പെരുമാറി**

യേശു അവളുടെ പാപങ്ങൾ മോചിച്ചു കൊടുത്തതായി ഈ വേദഭാഗത്തു സൂചനയില്ല, എന്നാൽ അവൻ അവളെ മരണശിക്ഷയ്ക്കു വിധിച്ചില്ല. ബെഥേസ്ദാ കുളത്തിനരികിലെ മുടന്തനെ സൗഖ്യമാക്കിയപ്പോൾ അവനോടു പറഞ്ഞതു ഓർപ്പിക്കുന്നതാണ് അവൾ പോയപ്പോൾ യേശു അവളോടു പറഞ്ഞു: "നോക്കൂ, നിനക്കു സൗഖ്യമായല്ലോ; അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ, ഇനി പാപം ചെയ്യരുത്" (5:14). യേശു ചെയ്തതിൽനിന്നു ആ സ്ത്രീ എത്രത്തോളം സ്വാധീനിക്കപ്പെട്ടു എന്നു ഇതിൽ നമ്മോടു പറഞ്ഞിട്ടില്ല. അവൾ വിശ്വസിച്ചോ? അവളുടെ പാപങ്ങളിൽ നിന്നു അവൾ മാനസ്സാന്തരപ്പെട്ടോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നമുക്കു തീർച്ചയില്ല.

എങ്ങനെയായാലും, യേശു അവൾക്കു, ഒരു ഭാവി പ്രത്യാശ നല്കി എന്നുറപ്പാണ്: "ഇനി" (അക്ഷരികമായി "ഇപ്പോൾ മുതൽ") എന്നതു മുന്നോട്ടുള്ള – നോട്ടമാണ്. നമുക്കു പരിചയമുള്ള ആരെയെങ്കിലും പ്രത്യേക പാപത്തിൽ നാം കണ്ടാൽ (രണ്ടായിരം വർഷങ്ങൾക്കുശേഷം "വ്യഭിചാര കർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീയെപ്പറ്റി സംസാരിക്കയില്ലേ"?), മുന്നോട്ടു നോക്കുന്നതിനേക്കാൾ നമ്മുടെ മനോഭാവം പുറ

കോട്ടു നോക്കുന്നതിനാണ്. പാപം, എല്ലാം എളുപ്പത്തിൽ അവന്റെ വ്യക്തിത്വമായിത്തീരുന്നു. യേശു അവളോടു പറഞ്ഞ വാക്കുകൾ മുഴക്കുന്ന സന്ദേശം "പാപത്തേക്കാൾ നിന്റെ ജീവിതത്തിന്നു പ്രാധാന്യമുണ്ട്, നിനക്കു പാപത്തെ വിട്ടുതിരിയുവാൻ കഴിയും!" ആ വ്യഭിചാരിണിയിൽ മിക്കപേരും പഠിക്കേണ്ട സന്ദേശം ഇതാണ്; ഈ സന്ദേശമാണ് അവളുടെ സഹമനുഷ്യർക്കു എക്കാലവും ആവശ്യം. "കൃപയും സത്യവും നിറഞ്ഞ," യേശു നമുക്ക് ഒരോരുത്തർക്കും പുതിയ ആരംഭത്തിനു അവസരം തരുന്നു!

**ഉപസംഹാരം**

ആ സ്ത്രീ എങ്ങനെ ആയി മാറി എന്ന സംശയം വിട്ടുകൊണ്ടാണ് യോഹന്നാൻ 8:1-11 അവസാനിപ്പിക്കുന്നത്. അവൾ ഉടനെ യേശുവിനെ അനുഗമിച്ചോ, അതോ അവൾ തന്റെ പഴയ വ്യഭിചാരകർമ്മത്തിലേക്കു പോയോ? അവൾക്കു യേശു നല്കിയ മനോഹരദാനത്തിൽ അവൾ കൃതാർത്ഥയായി എന്നു അനുമാനിക്കുവാനാണ് നമുക്ക് ഇഷ്ടം, പക്ഷെ ബൈബിൾ അതു പറയുന്നില്ല. ഒരു പക്ഷെ അതായിരിക്കും ഏറ്റവും നല്ല രീതി, കാരണം, ഈ സംഭവം പ്രാഥമികമായി നമ്മെ ഓരോരുത്തരേയുംക്കുറിച്ചുള്ള കഥയാണ്. നാം യേശുവിന്റെ സന്ദേശം കേൾക്കുമ്പോൾ, നാമും, നമ്മുടെ പാപങ്ങളിൽ "പിടിക്കപ്പെടും." നാം പിടിക്കപ്പെടുമ്പോൾ, ദൈവം നമ്മുടെ പാപത്തെ അറിയുകയും, നാം കുറ്റബോധം ഉള്ളവരായിത്തീരുകയും ചെയ്യുന്നു.

വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ മാത്രമെ അവർ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നുള്ളൂ, പുരുഷനെ കൊണ്ടുവന്നില്ല എന്നു പറഞ്ഞു ചിലപ്പോൾ ആളുകൾ ധാർമ്മികരോഷം കൊള്ളാറുണ്ട്. വാസ്തവത്തിൽ, അന്നു അനുഗ്രഹിക്കപ്പെട്ടതു ആ സ്ത്രീ ആയിരുന്നു. അവളുടെ പങ്കാളി ശാസ്ത്രിമാരിൽ നിന്നും പരീശന്മാരിൽ നിന്നും രക്ഷപ്പെട്ടു, എന്നാൽ അവൻ ദൈവശ്രദ്ധയിൽ നിന്നു രക്ഷപ്പെട്ടില്ല. അവൻ പാപത്തിൽ പിടിക്കപ്പെട്ടില്ലല്ലോ എന്നു ആശ്വസിച്ചു സ്വയം വിഡ്ഢിയായേക്കാം. നേരെമറിച്ചു, ആ സ്ത്രീ അവളുടെ പാപത്തിന്റെ യാഥാർത്ഥ്യത്തിൽനിന്നും ഒഴിഞ്ഞു മാറിയില്ല. പുരുഷൻ അല്ല, സ്ത്രീയാണ് തുടർസംഭവത്തിൽ ഗുണഭോക്താവായിത്തീർന്നതു. നാം പാപത്തെ തള്ളിപ്പറഞ്ഞാൽ, ദൈവത്തിന്റെ ക്ഷമിക്കുവാനുള്ള ആഗ്രഹത്തെ വിഫലമാക്കുകയാണ് നാം ചെയ്യുന്നത്.

ആ സ്ത്രീയെപോലെ, നാം പുരുഷാരത്താൽ കുറ്റം ചുമത്തപ്പെട്ടവരാണ്. നാം ചെയ്തതും വിചാരിച്ചതും ആളുകൾക്ക് അറിയാമെങ്കിൽ, അവർ നമുക്കു ശിക്ഷ വിധിക്കും എന്നതു തീർച്ചയാണ്. നമുക്കു നമ്മെ അറിയാവുന്നതിലും നന്നായി യേശുവിനു നമ്മെ അറിയാം, എന്നിട്ടും അവൻ നമുക്കുവേണ്ടി നില്ക്കുന്നു (ചിലപ്പോൾ കുനിഞ്ഞു എഴുതും), ആ സ്ത്രീയുടെ കാര്യത്തിലേതുപോലെ. കുറ്റാരോപകരായ ജനക്കൂട്ടത്തിനും നമുക്കും മദ്ധ്യേ നില്ക്കും, ശിക്ഷയ്ക്കും നമുക്കും മദ്ധ്യേ നില്ക്കും, നമുക്കും ക്രൂശിനും മദ്ധ്യേനിൽക്കും!

യേശു ചെയ്തതിൽ നീതി സ്ഥാപിക്കപ്പെട്ടില്ല എന്നു പറഞ്ഞു

ദൈവാലയത്തിലുണ്ടായിരുന്ന ചിലർ ആ രാത്രിയിൽ വീട്ടിൽ പോയി പിറുപിറുത്തുകാണും. ചിലർ തീർച്ചയായും "പാപത്തിനു ശിക്ഷ കൊടുക്കുക തന്നെ വേണം," എന്നു പറഞ്ഞുകാണും. പിന്നീടു പാപത്തിനു മറുവില കൊടുക്കുന്നതായി യോഹന്നാന്റെ സുവിശേഷത്തിന്റെ അവസാനഭാഗത്തു പറഞ്ഞിരിക്കുന്നതു അവർ തിരിച്ചറിഞ്ഞിരിക്കയില്ല. "ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല" എന്നു പറഞ്ഞവൻ "ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവകുഞ്ഞാടാണ്!" (1:29). അവൻ നമ്മുടെ പാപത്തിനു ക്രൂശിൻ വില കൊടുത്തു, ശിക്ഷയ്ക്കു വിധിച്ച എല്ലാ പാപികളോടും അവൻ പറയുന്നതു "ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല; പൊയ്ക്കൊൾക, ഇനി പാപം ചെയ്യരുത്."

---

കുറിപ്പുകൾ

[1]മിക്ക ആധുനിക തർജ്ജിമകൾ പോലെ, എൻഎൻഎസ്ബി യിൽ 7:53–8:11 ബ്രാക്കറ്റിലാണ്. അത് മിക്ക പുരാതന കയ്യെഴുത്തുപ്രതികളിലും ഇല്ല. ഈ വേദഭാഗം പിന്നീട് വന്ന ഗ്രീക്ക് കയ്യെഴുത്തുപ്രതികളിലും, വ്യത്യസ്തമായ സ്ഥലങ്ങളിലാണ് കാണപ്പെടുന്നത്: യോഹന്നാൻ 7:36; 7:44; 7:52; 21:25; ലൂക്കൊസ് 21:38. എങ്ങനെയായാലും, ഇത് ദൈവശ്വാസീയമല്ല എന്നും അതുകൊണ്ട് തള്ളിക്കളയേണ്ടതാണെന്നും സൂചന *ഇല്ല.* മെറ്റസ്ഗർ പറഞ്ഞു "വിവരണങ്ങളിൽ ചെവിക്കൊടുക്കേണ്ട ചരിത്രപരമായ വ്യത്യാസങ്ങൾ ഉണ്ട്" (ബ്രൂസ് മെറ്റസ്ഗർ, *എ ടെക്സ്ചൽ കമ്മന്ററി ഓൺ ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* [സ്റ്റഡ്ഗാർട്ട്, ജെർമ്മനി: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1975], 200). യോഹന്നാന്റെ സുവിശേഷത്തിൽ പ്രാരംഭ എഴുത്തിലൊരുപക്ഷേ ഇല്ലെങ്കിലും 7:53–8:11 ഒരുപക്ഷേ വാമൊഴിയായോ മറ്റോ ഒന്നാം – നൂറ്റാണ്ടിൽ ലഘുരേഖയായോ ലഭിച്ചതാകാം. യോഹന്നാന്റെ സുവിശേഷത്തിൽ അത് യോജിക്കുന്ന ഒന്നാണ്, സ്വയമായി നിൽക്കുവാൻ ചെറുതാണെങ്കിലും. [2]ലൂക്കൊസ് 21:37 സൂചിപ്പിക്കുന്നത് യേശു പകൽ സമയത്ത് യെരുശലെമിൽ ഉപദേശിക്കയും രാത്രി ഒലിവുമലയിലേക്കു പോകുകയും ചെയ്തു എന്നാണ്. ഇത് ഒരുപക്ഷേ ബെഥാനിയയിലെ മാർത്തയുടെയും മറിയയുടേയും വീട്ടിലേക്കായിരിക്കാം, അത് ഒലിവു പർവതത്തിന്റെ പൂർവതീര പ്രദേശമായിരുന്നു. [3]സംക്ഷിപ്ത സുവിശേഷങ്ങളിൽ അടിക്കടി കാണുന്ന പ്രയോഗമാണ് "ശാസ്ത്രിമാരും പരീശന്മാരും" എന്നത്, യോഹന്നാന്റെ സുവിശേഷത്തിൽ അത് ഇവിടെ മാത്രമാണ്. [4]ലേവ്യാ പുസ്തകം 20:10; ആവർത്തനപുസ്തകം 22:21–24. [5]യോഹന്നാൻ 18:31 നോക്കുക. ഇതിൽ നിന്നും വ്യത്യസ്തമാണ് പ്രവൃത്തികൾ 7 ലെ സ്തെഫാനോസിനെ കല്ലെറിയുന്നത്, കലഹത്തിലായ ഒരു ജനക്കൂട്ടത്തിന്റെ വികാരമായിരുന്നു, അല്ലാതെ നിയമപരമായ ശിക്ഷയായിരുന്നില്ല.

© 2009 Truth for Today